# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1519 06.03.2018 ൽ മറുപടിയ്ക്ക്

**ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധന സംവിധാനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. വി. ജോയി<br>ശ്രീ. എം. മുകേഷ് | | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധനയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധനക്കായി സർക്കാർ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ(സി.വി.റ്റി.എസ്.) സംസ്ഥാന വ്യാപകമായി സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, പാറശ്ശാല എന്നിവിടങ്ങളിൽ സി.വി.റ്റി.എസ്. മുഖേനയാണ് വാഹന പരിശോധന നടത്തുന്നത് കൂടാതെ മൂവാറ്റുപുഴ, ഉഴവൂർ എന്നിവിടങ്ങളിൽ സി.വി.റ്റി.എസ്. പ്രവർത്തന സജ്ജമാണ്. കാസർഗോഡ്, തളിപ്പറമ്പ്, തൃപ്പൂണിത്തുറ, പൊന്നാനി, മട്ടാഞ്ചേരി എന്നിവിടങ്ങളിൽ നിർമ്മാണ കരാർ ഇ-ടെൻഡർ മുഖേന നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഓരോ കമ്പ്യൂട്ടർവല്കൃത വാഹന പരിശോധനകേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) | ഉണ്ട്. നിലവിൽ സ്ഥലം ലഭ്യമായ 11 ആഫീസുകളിൽ പദ്ധതി പൂർത്തീകരിക്കുകയോ, കരാർ നൽകുകയോ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന മുഴുവൻ ആഫീസുകളിലേക്കും, സ്ഥലം ലഭിക്കാത്ത സാഹചര്യത്തിൽ, സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി (PPP Model) വിഭാവനം ചെയ്ത് പദ്ധതി നടപ്പാക്കുന്നതിനായുള്ള കൺസൽട്ടന്റ് ആയി KITCO -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-ടെൻഡർ ഡോക്കുമെന്റ് തയ്യാറാക്കുന്ന പ്രക്രിയ അവസാന ഘട്ടത്തിലാണ്. |
| (സി) | സ്വന്തമായി സ്ഥലം ഇല്ലാത്ത പ്രദേശങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ